ടി.കെ ഉബൈദ്



സൂറ - 47

# മുഹമ്മദ്

مُحَمَّد

## സൂക്തം 30-31

അല്ലാഹുവിനോടും അവന്റെ ദൂതനോടും അടിയുറച്ച കൂറും സ്നേഹവുമുള്ള യഥാർഥ വിശ്വാസികളുടെ വിശ്വാസവും സ്ഥൈര്യവും പ്രതിസന്ധി ഘട്ടങ്ങളിൽ കൂടുതൽ കരുത്താർജിക്കുകയാണ് ചെയ്യുക. ഞങ്ങൾക്ക് അല്ലാഹു മതി, അവനാണ് ഏറ്റം നല്ല രക്ഷകൻ حَسْبُنَا اللهُ وَنِعْمَ الْمَوْلَى - എന്ന് ഉദ്ഘോഷിച്ചുകൊണ്ട് എന്തു ത്യാഗത്തിനും- ജീവാർപ്പണത്തിനു വരെ- തയാറായി മുന്നോട്ടുവന്നുകൊണ്ട് അല്ലാഹുവിന്റെ പരീക്ഷണത്തിൽ മഹത്തായ വിജയം നേടുന്നു.

---

وَلَوْ نَشَآءُ لَأَرَيْنَٰكَهُمْ فَلَعَرَفْتَهُم بِسِيمَٰهُمْ ۚ وَلَتَعْرِفَنَّهُمْ فِى لَحْنِ ٱلْقَوْلِ ۚ
وَٱللَّهُ يَعْلَمُ أَعْمَٰلَكُمْ ﴿٣٠﴾

*30*

*അല്ലാഹുവിന് വേണമെങ്കിൽ നിനക്കവരെ നേരിൽ കാണിച്ചു തരാം. അപ്പോൾ ലക്ഷണങ്ങൾ കൊണ്ട് നീ അവരെ തിരിച്ചറിയും. എന്നാൽ, വക്രഭാഷണത്തിലൂടെ തീർച്ചയായും നീ അവരെ തിരിച്ചറിയുന്നുണ്ട്. അല്ലാഹു നിങ്ങളുടെ കർമങ്ങൾ നന്നായറിയുന്നുണ്ട്.*

| | |
|---|---|
| നാം ഉദ്ദേശിച്ചെങ്കിൽ, നമുക്ക് വേണമെങ്കിൽ | وَلَوْ نَشَاءُ |
| നാം അവരെ നിനക്ക് (നേരിൽ) കാണിച്ചു തന്നതു തന്നെ (തരുമായിരുന്നു) | لَأَرَيْنَاكَهُمْ |
| അപ്പോൾ നീ അവരെ അവരുടെ ലക്ഷണംകൊണ്ട് തിരിച്ചറിയും | فَلَعَرَفْتَهُم بِسِيمَاهُمْ |
| തീർച്ചയായും നീ അവരെ തിരിച്ചറിയുന്നുണ്ട് | وَلَتَعْرِفَنَّهُمْ |
| വക്രഭാഷണത്തിലൂടെ | فِي لَحْنِ الْقَوْلِ |
| അല്ലാഹു (നന്നായി) അറിയുന്നുണ്ട് | وَاللَّهُ يَعْلَمُ |
| നിങ്ങളുടെ കർമങ്ങൾ | أَعْمَالَكُمْ |

ഹിജ്റയുടെ ആദ്യ വർഷങ്ങളിൽ മദീനയിൽ കപടവിശ്വാസികൾ ധാരാളമുണ്ടായിരുന്നു. ഖുർആൻ അവരെ പേർത്തും പേർത്തും ആക്ഷേപിച്ചിട്ടുണ്ടെങ്കിലും ഒരാളെയും ചൂണ്ടി അയാൾ കപടനാണെന്നു പറഞ്ഞിട്ടില്ല. മുസ്ലിം സമൂഹത്തിലെ വ്യക്തികളെ ആക്ഷേപിക്കുകയല്ല. പ്രത്യുത, നികൃഷ്ടമായ സ്വഭാവങ്ങളെയും നടപടികളെയും ചൂണ്ടിക്കാണിക്കുകയാണ് ഖുർആനിന്റെ രീതി. അല്ലാഹുവിനു വേണമെങ്കിൽ പ്രവാചകന്റെ കൂടെയുള്ള കപടന്മാരെ തൊട്ടുകാണിച്ചുകൊടുക്കാം. അല്ലെങ്കിൽ അവരിൽ ഓരോരുത്തരെയും തിരിച്ചറിയാൻ പറ്റുന്ന അടയാളങ്ങളും ലക്ഷണങ്ങളും പറഞ്ഞുകൊടുക്കാം. അങ്ങനെ അവരണിഞ്ഞ വിശ്വാസത്തിന്റെ മുഖംമൂടി പരസ്യമായി വലിച്ചുകീറി ജനങ്ങൾക്കു മുമ്പിൽ അപമാനിതരാക്കാം. പക്ഷേ, അല്ലാഹു അതു ചെയ്യുന്നില്ല. എന്നാൽ, കപടന്മാരെ അവരുടെ ദുർഭാഷണങ്ങളിലൂടെ തീർച്ചയായും പ്രവാചകന് തിരിച്ചറിയാൻ കഴിയും. ഭാഷാർഥത്തിൽ വചന വ്യതിയാനമാണ് لَحْنِ الْقَوْلِ. വ്യാകരണ നിയമങ്ങൾ പാലിക്കാതെയും അംഗീകൃത രീതിയിൽനിന്ന് വ്യതിചലിച്ചും, വികലമായ ഉച്ചാരണത്തിലും പ്രാകൃത ശൈലിയിലും ഉള്ള സംസാരം (Slang), നാക്കുപിഴ, വാക്കുകൾ വളച്ചൊടിച്ചുള്ള കുടില ഭാഷണം, വക്താവിന്റെ യഥാർഥ ആശയം സംബോധിതനു മനസ്സിലാവാതിരിക്കാൻ ദ്വയാർഥ പദങ്ങൾ ഉപയോഗിക്കുക തുടങ്ങിയവയൊക്കെ لَحْنِ الْقَوْلِ ൽ പെടുന്നു. വാക്കുകൾ വളച്ചൊടിക്കലും ദ്വയാർഥ വാക്കുകൾ ഉപയോഗിക്കലുമാണ് ഇവിടെ ഉദ്ദേശ്യം. 4:46-ൽ ഇതിന് ഉദാഹരണം ചൂണ്ടിക്കാണിക്കുന്നുണ്ട്.

وَيَقُولُونَ سَمِعْنَا وَعَصَيْنَا وَاسْمَعْ غَيْرَ مُسْمَعٍ وَرَاعِنَا لَيًّا بِأَلْسِنَتِهِمْ وَطَعْنًا فِي الدِّينِ

"അവർ നാക്കു വക്രിച്ചുകൊണ്ട് സത്യദീനിനെ അവഹേളിക്കാൻ സമിഅ്നാ വ അസൈ്വനാ (ഞങ്ങൾ കേട്ടു ധിക്കരിച്ചു) എന്നും ഇസ്മഅ് ഗൈറ മുസ്മഇൻ (ഞങ്ങളെ കേൾക്കൂ, വാസ്തവത്തിൽ നീ കേൾപ്പിക്കപ്പെടേണ്ടവനൊന്നുമല്ല) എന്നും റാഇനാ (ഞങ്ങളുടെ ഇടയാ) എന്നും പറയുന്നുണ്ട്." പ്രവാചകന്റെ പ്രഭാഷണ സദസ്സിലെത്തിയ കപടന്മാർ ഞങ്ങൾ കേട്ടു, അനുസരിച്ചു (അത്വഅ്നാ) എന്നു പറയേണ്ടിടത്ത് അതിനോട് സാദൃശ്യമുള്ള, ധിക്കരിച്ചു എന്നർഥമുള്ള 'അസൈ്വനാ' എന്നു പറയുന്നു. ഞങ്ങളുടെ ഇടയൻ എന്നും നേതാവെന്നും അർഥമുള്ള راعنا എന്ന് പറഞ്ഞിരുന്നത്, ഞങ്ങളുടെ കാലിച്ചെറുക്കാ എന്ന അർഥത്തിലായിരുന്നു. മറ്റു വാക്കുകൾക്കും ഇതുപോലെ നല്ല അർഥവും ദുരർഥവും ഉണ്ട്. കപടന്മാർ അവ ഉപയോഗിച്ചിരുന്നത് ദുരർഥത്തിലാണ്. 2:104-ഉം 9:61-ഉം ഇത്തരം വക്രഭാഷണത്തെ പരാമർശിക്കുന്നുണ്ട്. ഈ സൂക്തം അവതരിച്ച ശേഷം, തങ്ങൾ കപടന്മാരാണെന്ന് സ്വയം വിളിച്ചുപറയുന്നതിനു തുല്യമായി കരുതപ്പെട്ട ഇത്തരം വാക്കുകൾ പ്രവാചകന്റെ സദസ്സിൽ ഉപയോഗിക്കുന്നത് കപടന്മാർ നിർത്തി.

കപടന്മാരുടെ لَحْنِ الْقَوْلِ നെ പ്രവാചകൻ മാതൃകാപരമായി നേരിട്ട ഒരു സംഭവം ഇമാം ബുഖാരി ഉദ്ധരിക്കുന്നു: ഒരു സംഘം യഹൂദർ പ്രവാചകനെ സന്ദർശിച്ചു. അവർ 'അസ്സാമു അലൈക്കും' എന്നാണ് പ്രവാചകനെയും കുടുംബത്തെയും സംബോധന ചെയ്തത്. (അസ്സലാം സമാധാനവും അസ്സാം നാശവുമാകുന്നു). പ്രവാചക പത്നി ആഇശ (റ) ഈ വക്രോക്തി തിരിച്ചറിഞ്ഞു. അവർ 'വ അലൈക്കുമുസ്സാമു വല്ലഅ്ന (നിങ്ങൾക്ക് നാശവും ദൈവശാപവും ഭവിക്കട്ടെ) എന്നു പ്രത്യഭിവാദ്യം ചെയ്തു. അതു കേട്ട പ്രവാചകൻ പറഞ്ഞു: 'പോട്ടെ ആഇശാ, അല്ലാഹു വിട്ടുവീഴ്ചയും സൗമനസ്യവുമാണിഷ്ടപ്പെടുന്നത്, എല്ലാ കാര്യങ്ങളിലും. ആഇശ ചോദിച്ചു: തിരുദൂതരേ, അവർ പറഞ്ഞത് അങ്ങ് കേട്ടില്ലേ? പ്രവാചകൻ: അതിനു ഞാനവർക്ക് മറുപടിയും കൊടുത്തുവല്ലോ; വ അലൈക്കും (നിങ്ങൾക്കും അതുതന്നെ ഭവിക്കട്ടെ) എന്ന്."

وَاللَّهُ يَعْلَمُ أَعْمَالَكُمْ എന്ന വാക്യം യഥാർഥ വിശ്വാസികൾക്കുള്ള സുവിശേഷവും കപടന്മാർക്കുള്ള താക്കീതുമാകുന്നു. ഇതാണ് സുവിശേഷം: ദീനുൽ ഇസ്ലാമിന്റെ നിലനിൽപിനും വളർച്ചക്കും വേണ്ടി നിങ്ങൾ ചെയ്യുന്ന സമരങ്ങളും ത്യാഗപരിശ്രമങ്ങളുമെല്ലാം അല്ലാഹു നല്ലവണ്ണം മനസ്സിലാക്കുന്നുണ്ട്. എല്ലാം അവൻ രേഖപ്പെടുത്തിയിരിക്കുന്നു. പരലോകത്ത് അതിനെല്ലാം മഹത്തായ പ്രതി

വ്യാകരണ നിയമങ്ങൾ പാലിക്കാതെയും അംഗീകൃത രീതിയിൽനിന്ന് വ്യതിചലിച്ചും, വികലമായ ഉച്ചാരണത്തിലും പ്രാകൃത ശൈലിയിലും ഉള്ള സംസാരം (Slang), നാക്കുപിഴ, വാക്കുകൾ വളച്ചൊടിച്ചുള്ള കുടില ഭാഷണം, വക്താവിന്റെ യഥാർഥ ആശയം സംബോധിതനു മനസ്സിലാവാതിരിക്കാൻ ദ്വയാർഥ പദങ്ങൾ ഉപയോഗിക്കുക തുടങ്ങിയവയൊക്കെ لَحْنِ الْقَوْلِ-ൽ പെടുന്നു.

ഫലം ലഭിക്കുമെന്ന് സന്തോഷിച്ചുകൊള്ളുക. കപടന്മാർക്കുള്ള താക്കീത്: നിങ്ങളുടെ കാപട്യവും വിശ്വാസികളായി അഭിനയിച്ചുകൊണ്ട് പ്രവാചകന്നും മുസ് ലിം സമൂഹത്തിനും ചെയ്യുന്ന ദ്രോഹങ്ങളും ആളുകൾ അറിയുന്നില്ലെങ്കിലും അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ട്. നിങ്ങളുടെ ഓരോ ദുഷ്ചെയ്തിക്കും എണ്ണിയെണ്ണി സമാധാനം പറയേണ്ടതായും, അർഹിക്കുന്ന ശിക്ഷ ഏറ്റുവാങ്ങേണ്ടതായും വരുമെന്ന് ഓർത്തിരിക്കുക. ●

وَلَنَبۡلُوَنَّكُمۡ حَتَّىٰ نَعۡلَمَ ٱلۡمُجَٰهِدِينَ مِنكُمۡ وَٱلصَّٰبِرِينَ وَنَبۡلُوَاْ أَخۡبَارَكُمۡ ٣١

*31*

*നിങ്ങളിലുള്ള യഥാർഥ മുജാഹിദുകളെയും സഹന ശാലികളെയും കണ്ടറിയുന്നതിനു വേണ്ടി തീർച്ചയായും നാം നിങ്ങളെ പരീക്ഷിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ സ്ഥിതിഗതികൾ പരിശോധിച്ചുകൊണ്ടിരിക്കുകയാകുന്നു.*

| | |
|---|---|
| തീർച്ചയായും നാം നിങ്ങളെ പരീക്ഷിച്ചുകൊണ്ടിരിക്കും | وَلَنَبْلُوَنَّكُمْ |
| നാം അറിയുന്നതുവരെ (കണ്ടറിയുന്നതിനുവേണ്ടി) | حَتَّىٰ نَعْلَمَ |
| നിങ്ങളിലുള്ള (യഥാർഥ) മുജാഹിദുകളെയും സഹനശാലികളെയും | الْمُجَاهِدِينَ مِنكُمْ وَالصَّابِرِينَ |
| നിങ്ങളുടെ വാർത്തകൾ (സ്ഥിതിഗതികൾ) നാം പരിശോധിച്ചുകൊണ്ടിരിക്കുകയാകുന്നു. | وَنَبْلُوَ أَخْبَارَكُمْ |

യഥാർഥ സത്യവിശ്വാസികൾക്കും നാമമാത്ര വിശ്വാസികൾക്കും കപടവിശ്വാസികൾക്കും എല്ലാം ഉള്ള മുന്നറിയിപ്പാണിത്. സത്യവിശ്വാസം അവകാശപ്പെട്ടതുകൊണ്ട് മാത്രം ആളുകൾ സജ്ജനങ്ങളാകുന്നില്ല. പരലോക മോക്ഷം നേടുന്നുമില്ല. ആ അവകാശവാദം കർമ ജീവിതത്തിലൂടെ സാക്ഷാത്കരിക്കേണ്ടതുണ്ട്. സാഹചര്യം അനുകൂലമായിരിക്കുമ്പോൾ ആദർശ വിശ്വാസങ്ങൾക്കൊത്തു ചരിക്കുക അനായാസകരമാകുന്നു. അതുപക്ഷേ, വിശ്വാസവും ആദർശബോധവും സുദൃഢവും യഥാർഥവും ആണെന്നതിനു തെളിവാകുന്നില്ല. പ്രതിസന്ധികളോടും പ്രതിബന്ധങ്ങളോടും ഏറ്റുമുട്ടേണ്ടി വരുമ്പോൾ ദീനീ താൽപര്യങ്ങളോട് സ്വീകരിക്കുന്ന സമീപനത്തിലൂടെയാണ് വിശ്വാസത്തിന്റെ മൂല്യവും ദൃഢതയും തെളിയുക. അതിനുവേണ്ടി അല്ലാഹു ഒരുക്കുന്ന പരീക്ഷണങ്ങൾ കൂടിയാണ്, വിശ്വാസികൾ അവിശ്വാസികളിൽനിന്നും ദൈവധിക്കാരികളിൽനിന്നും നേരിടുന്ന ശാരീരികവും സാമ്പത്തികവും മാനസികവുമായ ഭീഷണികളും അതിക്രമങ്ങളും. ഭൗതിക താൽപര്യങ്ങൾ ഹനിക്കപ്പെടുമെന്നു കാണുമ്പോൾ ദുർബല വിശ്വാസികളുടെ വിശ്വാസം ശിഥിലമാകുന്നു. അവർ പ്രതിയോഗികളോട് രാജിയാകാൻ വെമ്പുന്നു. കപടന്മാർ രഹസ്യമായി പ്രതിയോഗികളുമായി സഹകരിക്കുന്നു. സായുധ ജിഹാദ് അനിവാര്യമാകുമ്പോൾ ഓരോരോ ഒഴികഴിവുകൾ പറഞ്ഞ് അതിൽനിന്ന് മാറിനിൽക്കാൻ ശ്രമിക്കുന്നു. ഗത്യന്തരമില്ലാതെ സമരത്തിനിറങ്ങേണ്ടി വന്നാൽ ഇടക്കുവെച്ച് എന്തെങ്കിലും ന്യായങ്ങൾ പറഞ്ഞു പിന്തിരിയുകയോ യുദ്ധമുഖത്തുനിന്ന് ഒളിച്ചോടുകയോ ചെയ്യുന്നു. മനസ്സിൽ കാപട്യരോഗമുള്ളവർ ഇത്തരം ചെ

**സത്യവിശ്വാസം അവകാശപ്പെട്ടതുകൊണ്ട് മാത്രം ആളുകൾ സജ്ജനങ്ങളാകുന്നില്ല. പരലോക മോക്ഷം നേടുന്നുമില്ല. ആ അവകാശവാദം കർമ ജീവിതത്തിലൂടെ സാക്ഷാത്കരിക്കേണ്ടതുണ്ട്.**

സ്ഥിതികളിലൂടെ അവരുടെ അവകാശവാദങ്ങളുടെയും, അവരെക്കുറിച്ച് ആളുകൾ പറയുന്ന വർത്തമാനങ്ങളുടെയും പൊള്ളത്തരം സ്വയം വെളിപ്പെടുത്തിക്കൊണ്ട് പരാജിതരാകുന്നു.

അല്ലാഹുവിനോടും അവന്റെ ദൂതനോടും അടിയുറച്ച കൂറും സ്നേഹവുമുള്ള യഥാർഥ വിശ്വാസികളുടെ വിശ്വാസവും സ്ഥൈര്യവും പ്രതിസന്ധി ഘട്ടങ്ങളിൽ കൂടുതൽ കരുത്താർജിക്കുകയാണ് ചെയ്യുക. ഞങ്ങൾക്ക് അല്ലാഹു മതി, അവനാണ് ഏറ്റം നല്ല രക്ഷകൻ حَسْبُنَا اللهُ وَنِعْمَ الْمَوْلَى - എന്ന് ഉദ്ഘോഷിച്ചുകൊണ്ട് എന്തു ത്യാഗത്തിനും- ജീവാർപ്പണത്തിനു വരെ- തയാറായി മുന്നോട്ടുവന്നുകൊണ്ട് അല്ലാഹുവിന്റെ പരീക്ഷണത്തിൽ മഹത്തായ വിജയം നേടുന്നു.

ഇന്നലെ നടന്നതും ഇന്നു നടക്കുന്നതും നാളെ നടക്കാനിരിക്കുന്നതുമെല്ലാം ഒരുപോലെ അറിയുന്നവനാണ് അല്ലാഹു. ഉള്ളും പുറവും, പരസ്യവും പരോക്ഷവുമൊക്കെ അവൻ കൺമുന്നിലുള്ളതെന്നവണ്ണം അറിയുന്നു. യഥാർഥ വിശ്വാസികളാരെന്നും കപടവിശ്വാസികളാരെന്നും, സത്യസന്ധരായ ദീനീ സേവകരാരെന്നും അധരമാത്ര സേവകരാരെന്നും അവന്നറിയാം. അതിന് അന്വേഷണമോ പരീക്ഷണമോ ഒന്നും അവന്നാവശ്യമില്ല. അല്ലാഹുവിന്റെ ഈ അറിവ് മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നില്ല. മനുഷ്യൻ എന്തു ചെയ്യുന്നതും അവന്റെ സ്വാതന്ത്ര്യമുപയോഗിച്ചാണ്. അതിന്റെ പൂർണമായ ഉത്തരവാദിത്വം അവനു തന്നെ. അതാണ് നിയമ ബദ്ധത - **تكليف**.

തന്റെ അറിവിൽ, ഒരുവനിൽ എന്തെല്ലാം ചെയ്യാനുള്ള കഴിവ് (Potency) ഉണ്ട്, അവൻ എന്തെല്ലാം ചെയ്യാം എന്നു നോക്കിയിട്ടല്ല അല്ലാഹു കർമഫലം നൽകുന്നത്; മറിച്ച് അവൻ സംഭവലോകത്ത് എന്തെല്ലാം പ്രവർത്തിച്ചു എന്നു നോക്കിയിട്ടാണ്. ആ നോട്ടമാണ് അല്ലാഹുവിന്റെ **بلاء**- പരീക്ഷണം. നേരത്തെ 29: 2,3 സൂക്തങ്ങളിൽ ഈ വിഷയം പ്രസ്താവിച്ചിട്ടുണ്ട്. കൂടുതൽ വിശദീകരണത്തിന് ഖുർആൻ ബോധനം പ്രസ്തുത സൂക്തങ്ങൾക്കു താഴെ നോക്കുക.

മൂലത്തിലെ حَتَّىٰ സാധാരണ ഉപയോഗം 'വരെ' എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. കാരണം, സൂചകമായിട്ടാണ്. حَتَّىٰ نَعْلَمَ എന്നാൽ ഞാൻ കണ്ടറിയുന്നതിനു വേണ്ടി, അല്ലെങ്കിൽ യാഥാർഥ്യമായി പുലർന്ന് കാണുന്നതിനു വേണ്ടി. ചില വ്യാഖ്യാതാക്കൾ حَتَّىٰ نَعْلَمَ ക്ക് അർഥം കൽപിച്ചിരിക്കുന്നത്, حَتَّىٰ تُظْهِرَ لِلنَّاس -ആളുകൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടി- എന്നാണ്. نَبْلُوَ أَخْبَارَكُمْ ന്റെ പദാർഥം, നാം നിങ്ങളുടെ വാർത്തകൾ പരിശോധിക്കുന്നതിനും വേണ്ടി എന്നാണ്. **اخبار**- വാർത്തകൾ- കൊണ്ടുദ്ദേശ്യം അവരുടെ സ്ഥിതിഗതികൾ- അവസ്ഥകൾ ആണെന്ന് പൊതുവിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ചില പണ്ഡിതന്മാർ അതിനെ لظهُورالأحُدوثة مِن حُسن السُّمْعَة وَضِدّه-നല്ലതും ചീത്തയുമായ പ്രശസ്തിയുണ്ടാക്കുന്ന വർത്തമാനങ്ങൾ പ്രത്യക്ഷപ്പെടുന്നതിനു വേണ്ടി- എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. അതായത്, മുജാഹിദുകൾ അവരുടെ ത്യാഗവും അധ്വാനവും ആത്മാർഥതയും വിലയിരുത്തി പ്രശംസിക്കപ്പെടാനും, മുനാഫിഖുകൾ അവരുടെ ഭീരുത്വവും കാപട്യവും വഞ്ചനയും പരസ്യമായതിനാൽ അഭിശംസിക്കപ്പെടാനും. ●

**ഒരുവനിൽ എന്തെല്ലാം ചെയ്യാനുള്ള കഴിവ് (Potency) ഉണ്ട്, അവൻ എന്തെല്ലാം ചെയ്യാം എന്നു നോക്കിയിട്ടല്ല അല്ലാഹു കർമഫലം നൽകുന്നത്; മറിച്ച് അവൻ സംഭവലോകത്ത് എന്തെല്ലാം പ്രവർത്തിച്ചു എന്നു നോക്കിയിട്ടാണ്. ആ നോട്ടമാണ് അല്ലാഹുവിന്റെ بلاء- പരീക്ഷണം.**